# പതിമൂന്നാം കേരള നിയമസഭ

## (പന്ത്രണ്ടാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3759** **15/12/2014-ൽ മറുപടിയ്ക്ക്**

**കായിക്കര പാലം നിർമ്മാണം**

| ചോദ്യം<br>ശ്രീ. ബി. സത്യൻ: | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): | |
|---|---|---|---|
| എ) | തുറമുഖ വകുപ്പിന്റെ പരിഗണനയിലുള്ള കായിക്കര പാലം നിർമ്മാണത്തിന് പ്രാഥമിക ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ടോ, ഉണ്ടെങ്കിൽ വ്യക്തമാക്കാമോ; | (എ) യും (ബി) യും | തയ്യാറാക്കിയിട്ടുണ്ട്.. വക്കം ഗ്രാമപഞ്ചായത്തിനെയും അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന കായിക്കര പാലം നിർമ്മിക്കുന്നതിന് 1925 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നബാർഡ് ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി ലഭ്യമാക്കുന്നതിന് തയ്യാറാക്കിയിരുന്നു. എന്നാൽ ടി പ്രവൃത്തിയ്ക്ക് സ്ഥലം ലഭ്യമല്ലാത്തതിനാൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല. |
| ബി) | പ്രസ്തുത പദ്ധതിയ്ക്ക് ഫണ്ട് നൽകുന്നത് ഏത് ഏജൻസിയാണ്, എന്ത് തുകയാണ് നീക്കി വെക്കുന്നത്; | | |
| സി) | ഈ പദ്ധതിക്ക് വേണ്ടി അപ്രോച്ച് റോഡ് നിർമ്മാണത്തിനായി അഞ്ച്തെങ്ങ്, വക്കം എന്നീ പഞ്ചായത്തുകളിൽ നിന്നും സ്ഥലം ഏറ്റെടുത്ത് നൽകാമെന്ന് ഉറപ്പ് നൽകിയ കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതിന് വേണ്ടി റവന്യൂ വകുപ്പ് വഴി സ്ഥലം അളന്ന് വിലക്ക്വാങ്ങി പാലത്തിന്റെ അപ്രോച്ച് റോഡിന് വേണ്ടിയുള്ള നടപടികൾ നടന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | ടി സ്ഥലം ഏറ്റെടുത്ത് ലഭ്യമാക്കേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. നബാർഡ് ഗൈഡ്ലൈൻസ് പ്രകാരം പ്രവൃത്തിയ്ക്കാവശ്യമായ സ്ഥലം പൂർണ്ണമായും ഏറ്റെടുത്താൽ മാത്രമേ പദ്ധതിയ്ക്ക് നബാർഡ് അംഗീകാരം ലഭിക്കുകയുള്ളൂ. |

**സെക്ഷൻ ആഫീസർ**